106. നബാർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് വളരെയധികം ചെറുകിട ജലസേചന-ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്.V സ്കീമിൽതന്നെ സംസ്ഥാനത്ത് ഇത്തരം 86 ചെറുകിട പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

107. സംസ്ഥാനത്ത് പാഴായിപ്പോകുന്ന വെള്ളത്തിന്റെ തോത് വളരെ കൂടുതലായതിനാൽ ജല സംരക്ഷണ പദ്ധതികൾക്കും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. 1947 ഹെക്ടർ കൃഷിഭൂമിക്ക് പ്രയോജനകരമായ രീതിയിൽ വിവിധ നദികൾക്ക് കുറുകെ ആകെ 21 ചെക്ക് ഡാമുകളുടെ ഒരു ശൃംഖല തന്നെ പൂർത്തിക രിച്ചു കഴിഞ്ഞിട്ടുണ്ട്.

108. കഴിഞ്ഞ കുറെ വർഷങ്ങളായി കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രസഹായം നിറുത്തലാക്കിയിരിക്കുകയാണ്. വർഷാവർഷം, കേരളത്തിന്റെ തീരത്തെ കാർന്നു തിന്നുന്ന രൂക്ഷമായ കടലാക്രമണത്തെ പ്രതിരോധിക്കുന്നതിന് 86 കിലോമീറ്റർ നീളമുള്ള കടൽ ഭിത്തി നിർമ്മിക്കുന്നതിനും 37.4 കിലോമീറ്റർ നീളമുള്ള പഴയ കടൽ ഭിത്തി പുനർനിർമ്മിക്കുന്നതിനുമായി 304 കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

109. വൻകിട ജലസേചന പദ്ധതികളായ കല്ലട, മൂവാറ്റുപുഴ, കാരാപ്പുഴ, ഇടമലയാർ എന്നിവയ്ക്ക് യഥാക്രമം 40 കോടി, 45 കോടി, 11.75 കോടി, 16 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

110. ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്ക് 5 കോടി രൂപ എന്റെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ജലവിതരണം

111. തിരുവനന്തപുരത്തെ സീവേജ് സ്കീം 2000-2001-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കേരള വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിലേയും പട്ടുവം, ചേർത്തല, മീനാട് എന്നീ ഗ്രാമങ്ങളിലേയും ഒ.ഇ.സി. എഫ്. സ്കീമുകൾ 2000-2001 ആരംഭത്തിൽതന്നെ തുടങ്ങുന്നതാണ്. കാസർഗോഡ് ജില്ലയിൽ ഊർജ്ജിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതിയിൻ കീഴിൽ ആശയത്തിലും രൂപരേഖയിലും നടത്തിപ്പിലും സംരക്ഷണത്തിലും ജനപങ്കാളിത്തത്തോടെ ഒരു പൈലറ്റ് പ്രോജക്ട് ഏറ്റെടുക്കുന്നതാണ്.

112. പതിനാല് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും ഒരു നഗര ശുദ്ധജല വിതരണ പദ്ധതിയും എൽ.ഐ.സി. യുടെ സഹായത്തിനായി അയച്ചിട്ടുണ്ട്. ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ പുതിയ ശുദ്ധജല വിതരണ പദ്ധതികൾക്കും, തിരുവനന്തപുരം സീവേജ് സ്കീമിന്റെ പരിധിയിൽ വരാത്ത പ്രദേശങ്ങളിലെ പദ്ധതിക്കും ഹഡ്കോ സഹായം നേടുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ആലപ്പുഴയിലും എറണാകുളത്തും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

കൾ ജലജന്യരോഗങ്ങൾ പൊട്ടിപ്പുറപ്പെടുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളെ എപ്രകാരം സഹായിക്കാൻ കഴിയും എന്നതിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ളതാണ്.

113. ലോകബാങ്ക് സഹായത്തോടെ 450 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് എൻവയോൺമെന്റൽ സാനിട്ടേഷൻ പ്രോജക്ട് എന്ന പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പ്രോജക്ടിനായി 5 കോടി രൂപ ബഡ്ജറ്റിൽ ഞാൻ വകയിരുത്തിയിട്ടുണ്ട്.

114. ജലവിതരണം ഭാഗികമായോ പൂർണ്ണമായോ എത്തിയിട്ടില്ലാത്ത വാസസ്ഥലങ്ങളിലേയ്ക്ക് ആളോഹരി പ്രതിദിനം 40 ലിറ്റർ വെള്ളം ലഭ്യമാകത്തക്ക രീതിയിൽ ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് ഞാൻ 35 കോടി രൂപ വകയിരുത്തുന്നു.

തൊഴിൽ

115. സർക്കാർ പ്രഖ്യാപിച്ച 'ലേബർ അജണ്ട 2000', കേരളത്തിലെ തൊഴിലാളികളെ 21-ാം നൂറ്റാണ്ടിലേയ്ക്ക് സജ്ജരാക്കുന്നതിന് തയ്യാറാക്കിയ സമഗ്രമായ ഒരു പരിപാടിയാണ്. ഈ പരിപാടിയുടെ നടത്തിപ്പിന്റെ സംയോജനത്തിനും നിരീക്ഷണത്തിനുമായി 'ലേബർ മിഷൻ' എന്ന പേരിൽ ഒരു അപെക്സ് കോ-ഓർഡിനേഷൻ ബോഡി രൂപീകരിച്ചിട്ടുണ്ട്. 3 കോടി രൂപ ഇതിനായി ഞാൻ ബഡ്ജറ്റിൽ മാറ്റിവയ്ക്കുന്നു.

116. സംസ്ഥാനത്ത് സ്വകാര്യ പൊതുമേഖലകളിലെ തൊഴിലാളികളുടെ പൊതുക്ഷേമം സംരക്ഷിക്കാനും, അതുവഴി, അനുയോജ്യമായ ഒരു തൊഴിൽ അന്തരീക്ഷം വികസിപ്പിക്കുന്നതിനു വേണ്ടി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് അനുരജ്ഞനസാമർത്ഥ്യവും നിയമപരമായ പരിജ്ഞാനവും പരിശീലനത്തിലൂടെ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തിനായി 10 ലക്ഷം രൂപ ഞാൻ ബഡ്ജറ്റിൽ വകയിരുത്തുന്നു.

117. 25 ലക്ഷം രൂപ ചെലവിൽ ഒരു ഒക്യുപേഷണൽ ഡിസീസ് ഡിറ്റക്ഷൻ ആൻഡ് ട്രീറ്റ്മെന്റ് സെന്റർ സംസ്ഥാനത്ത് സ്ഥാപിക്കുന്നതാണ്.

118. സംസ്ഥാനത്തെ കർഷകത്തൊഴിലാളികളുടെ പെൻഷനിൽ പ്രതിമാസം 20 രൂപ വർദ്ധനവ് പ്രഖ്യാപിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിനായി ഞാൻ 6 കോടി രൂപ വകയിരുത്തുന്നു.

119. സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പദ്ധതി കൂടുതൽ തൊഴിലാളികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ലൈറ്റ് മോട്ടോർ വാഹന തൊഴിലാളികളെ (ഓട്ടോ-ടാക്സി-ടെമ്പോ) നിലവിലുള്ള മോട്ടോർ വെഹിക്കിൾ വെൽഫയർ സ്കീമിൽ പെടുത്തുന്നതാണ്.

ട്രഷറികൾ

120. ട്രഷറി കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ പൈലറ്റ് ഫെയ്സ് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

104. I am also allocating Rs. 25 lakhs as initial expenditure for the development of the Shipping harbour at Alappuzha.

Major and Minor Irrigation

105. The allocation for the Major and Minor Irrigation Sectors in the budget for 2000-2001 is Rs. 343 cr. The primary endeavour of the Irrigation Department in 2000-2001 will be the early completion of ongoing Irrigation Projects. Work on the Banasura Sagar Irrigation Project and the Bridge-cum-regulators at Chamaravattom are in the initial stages of execution. A scheme is also underway to replace the 62 shutters of the Thannermukkom barrage in a phased manner. The work on Thrithala regulator cum bridge is progressing fast. Steps will be taken to complete the work in 2000-2001 itself. The repair and rehabilitation of first generation irrigation projects in the State will be carried out with assistance from Government of India Rs. 20 cr. has been allocated for this purpose.

106. A substantial number of Minor Irrigation and Lift Irrigation schemes have been taken up in the State with NABARD assistance. In the fifth tranche of RIDF scheme of NABARD alone, 86 such small irrigation schemes have been approved in the State.

107. The Department will also focus on water conservation measures in view of the State's high water runoff rate. A network of 21 check-dams across various rivers benefiting 1947 ha has already been completed.

108. Central Assistance for anti sea erosion work has been discontinued for the past few years. To control the severe sea-erosion that ravages the coast of the State every year, proposals worth Rs. 304 cr. for the construction of 86 km of sea walls and 37.4 km of old sea walls have been taken up with Government of India.

109. Major Irrigation Projects, Kallada, Muvattupuzha, Karapuzha and Idamalayar have been provided Rs. 40 cr., Rs. 45 cr., Rs. 11.75 cr. and Rs. 16 cr. respectively.

110. The Regulator cum Bridge project at Chravattom has been allocated Rs. 5 cr. in my budget.

Water Supply

111. The Kerala Water Authority intends to partially commission the Sewerage Scheme for Thiruvananthapuram in 2000-01. OECF schemes for Thiruvananthapuram, Kozhikode and rural regions of Pattuvam, Cherthala and Meenad will be commenced early during 2000-2001. Under the Accelerated Rural Water Supply Scheme, a pilot project will be taken up in Kasaragod district based on Community Participation in scheme conception design implementation and maintenance.

112. 14 rural water supply schemes and one urban water supply scheme have been posed to the Life Insurance Corporation for assistance. Action is

LIBRARY ARCHIVES Kerala Legislative Assembly